LIBRARY ARCHIVES Kerala Legislative Assembly

(8) സുനാമി ദുരന്തത്തിനും പ്രകൃതിക്ഷോഭത്തിനും ഇരയായവർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി

ശ്രീ. പി. എസ്. സുപാൽ: സുനാമി ദുരന്തത്തിനും പ്രകൃതിക്ഷോഭത്തിനും ഇരയായ ആളുകളുടെ കടബാധ്യത ഇപ്പോഴും നിലനിൽക്കുകയാണ്. പൊതു മേഖലാസ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും ഇവരെടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയിൽ നിൽക്കുകയാണ്. ഇപ്പോൾത്തന്നെ സാധാരണഗതിയിലേക്ക് സുനാമി ബാധിത മേഖലയിലെ ജനങ്ങൾ മടങ്ങി വന്നിട്ടില്ല. ഇപ്പോഴും വലിയ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽത്തന്നെ നാൽപ്പത് കോടിയിൽ അധികം രൂപ ലഭിച്ചു. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും ലഭിച്ച സഹായവുമുണ്ട്. അതുകൊണ്ട് ഈ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* ആ വായ്പകൾ എഴുതിത്തള്ളാൻ സാധ്യമല്ല. ഈ ദുരന്തത്തിന് ഇരയായവരുടെ ആസ്തികൾ നഷ്ടപ്പെട്ടതിന് മുഴുവൻ തുകയും ഗവൺമെന്റ് നൽകിയിട്ടുണ്ട്. 50 ശതമാനം കൊടുക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ ഗൈഡ് ലൈൻ. പക്ഷേ ഗവൺമെന്റ് 100 ശതമാനവും കൊടുത്തിട്ടുണ്ട്. അതിനുപുറമേ വായ്പകൾ എഴുതിത്തള്ളുക എന്നുപറഞ്ഞാൽ അത് സാദ്ധ്യമല്ല. ഇപ്പോഴത്തെ നിലയിൽ അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

(9) പൂക്കോട് പഞ്ചായത്തിൽ പേരകം സെന്റ് മേരീസ് ചർച്ചിൽ നടന്ന അതിക്രമങ്ങൾ

ശ്രീ. പി. കെ. കെ. ബാവ: മത സൗഹാർദ്ദത്തിന്റെ ഈറ്റില്ലമാണ് ഗുരുവായൂർ നിയോജകമണ്ഡലം. ഗുരുവായൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പൂക്കോട് പഞ്ചായത്തിൽ ഈയിടെ ചില മോശമായ പ്രവണതകൾ കാണുകയാണ്. അവിടെ പ്രവർത്തിക്കുന്ന കാവീട് സെന്റ് ജോസഫ് ചർച്ചിന്റെ സമീപത്തുള്ള സെന്റ് മേരീസ് കപ്പേള 23-7-2005-ന് രാത്രി എറിഞ്ഞ് തകർക്കുകയും അതിനുമുമ്പ് പേരകം സെന്റ് മേരീസ് ചർച്ച് ആക്രമിക്കുകയും ചെയ്തു. ഇതിനുമുൻപ് നിരവധി തവണ മോഷണങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. ഇരുട്ടിന്റെ മറവിൽ ഗുണ്ടാപ്രവർത്തനം നടത്തുന്നു എന്നുള്ളതിന് തെളിവാണിത്. ഇവരെ പുറത്തുകൊണ്ടുവരാനും